നിർമ്മാണം ആക്ഷൻ കൗൺസിലും തമ്മിൽ ഉണ്ടായിരുന്ന തർക്കവും ഇപ്പോൾ പരിഹരിക്കപ്പെട്ടു. ആദ്യകരാറുകാരൻ പണി ആരംഭിക്കുവാൻ വൈമനസ്യം കാണിച്ചതിനെ തുടർന്ന് പ്രസ്തുത കരാർ അവസാനിപ്പിച്ച് പണി പുനരാരംഭിക്കുവാനുള്ള നടപടികൈക്കൊണ്ടിട്ടുണ്ട്. നടപ്പ് റേറ്റ് ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ 19.13 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. ഈ പാലത്തിന്റെ പണിക്കായി ഇതുവരെ 7.716 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കുക മുതലായ കാര്യങ്ങൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പറയുവാൻ ബുദ്ധിമുട്ടുണ്ട്.

ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

896 [1052] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

തിരുവനന്തപുരം ജില്ലയിൽ നന്ദിയോട് കല്ലറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടി എത് ഘട്ടംവരെയായി?

ഉത്തരം

പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഡിസൈൻ പൂർത്തിയായിട്ടില്ല.

പെരുംകുഴി പാലത്തിന്റെ പണി

897 [1053] ശ്രീ. ബെന്നിബഹനാൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

രാമമംഗലം ഐക്കരനാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പെരുംകുഴി പാലത്തിന്റെ പണി ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

രാമമംഗലം-ഐക്കരനാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ ശരിയായ പേര് പെരുവാമൂഴി പാലമെന്നാണ്. ഇതിന്റെ ഇൻവസ്റ്റിഗേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പുഴിക്കടവ് പാലത്തിന്റെ പണി

898 [1056] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) നെടിവത്തൂർ നിയോജകമണ്ഡലത്തിൽ പുഴിക്കടവ് പാലത്തിന്റെ പണി നിറുത്തിവെച്ചത് എന്തുകൊണ്ടാണ്;

(ബി) ശേഷിക്കുന്ന പണി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly